# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 118*** **20.3.2012 ൽ മറുപടിക്ക്**

## റോഡ് വികസനത്തിനായുള്ള വിവിധ ഏജൻസികൾ

**ചോദ്യം**

ശ്രീ. വി.എസ്.സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഇ. എസ്.ബിജിമോൾ

**ഉത്തരം**

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

(എ) റോഡ് വികസനത്തിന് പ്രത്യേക ഏജൻസി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പുനർനിർമ്മാണവും, നവീകരണവും സംരക്ഷണവുമാണ് നിർദ്ദിഷ്ട കമ്പനിയുടെ പ്രധാന ചുമതല. ഇതിനാവശ്യമായ ധനസമാഹരണവും അവരുടെ കർത്തവ്യമാണ്.

(ബി) പ്രസ്തുത ഏജൻസിയുടെ കീഴിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണുദ്ദേശിക്കുന്നത്; ഇത്തരത്തിൽ . നിർമ്മിക്കുന്ന റോഡിന്റെ നിലവാരം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഏജൻസിയുടെ കീഴിൽ 1000 ൽ പരം കിലോമീറ്റർ ദൈർഘ്യത്തിലുള്ള റോഡുകളാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലായിരിക്കും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റോഡുകൾ വികസിപ്പിക്കുക.

(സി) റോഡ് വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം തരത്തിലുള്ള എത്ര ഏജൻസികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(സി) റോഡു വികസനവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ റോഡുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാത വിഭാഗത്തിനും പുറമേ താഴെപ്പറയുന്ന ഏജൻസികൾ ഈ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്:-

1. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കൊച്ചി:

തിരഞ്ഞെടുക്കപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും, മേൽപ്പാലങ്ങളുടെയും നിർമ്മാണം ഈ ഏജൻസി നടത്തി വരുന്നു.

2. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കൊച്ചി:-

ദർഘാസ് മുഖേനയോ അല്ലാതെയോ അനുവദിച്ചു നൽകുന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുകയാണ് കോർപ്പറേഷൻ ചെയ്യുന്നത്

3. കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം:-

സംസ്ഥാന ഗതാഗത മേഖലയുടെ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കലും അതിന്റെ വിനിയോഗത്തിന് മേൽനോട്ടംവഹിക്കലുമാണ് ബോർഡിന്റെ ചുമതല.

4. നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യ (NHAI):

ദേശീയപാതകളുടെ സമഗ്രവികസനത്തിനായി പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ